**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **26-07-2021 - ൽ മറുപടിയ്ക്ക്**

**പാലിയേക്കരയിലെ ടോൾ പ്ലാസ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് നിയോജക മണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യയാത്രാ പാസ്സ് പുതുക്കുന്നതിനായി ഓരോ മൂന്ന് മാസത്തിലും വാഹനങ്ങളുടെ ആർ.സി.ബുക്കിന്റെ പകർപ്പും ആറു മാസത്തിലൊരിക്കൽ റെസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകണമെന്ന ടോൾപ്ലാസ അധികാരികളുടെ നിബന്ധന കോവിഡ് മഹാമാരി വ്യാപന സാധ്യത കണക്കിലെടുത്ത് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ? | (എ) | നിലവിൽ റസിഡൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ആറുമാസമായതിനാലാണ് സൗജന്യ പാസ് ആറു മാസത്തേക്കാക്കിയിട്ടുള്ളത്. ഇളവ് ആവശ്യമായ എല്ലാ രേഖകളും ടോൾ പ്ലാസാ നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുങ്ങല്ലൂരിനും, എൻ.എച്ച്.എ.ഐ.-ക്കും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കൊടുക്കേണ്ടതാണ്. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ